# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5225 — 02.07.2013 ൽ മറുപടിയ്ക്ക്

## സഹകരണ സ്ഥാപനങ്ങൾ വഴി വിദ്യാഭ്യാസ വായ്പ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.എഫ്. തോമസ്<br>ശ്രീ. റ്റി.യു. കുരുവിള<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. മോൻസ് ജോസഫ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ ബാങ്കുകളിലൂടെയും സഹകരണ സംഘങ്ങളിലൂടെയും, വിദ്യാഭ്യാസ വായ്പ വിതരണം ചെയ്യുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശപ്രകാരം നിലവിൽ സഹകരണ ബാങ്കുകൾ വിദ്യാഭ്യാസ വായ്പകൾ നൽകുന്നുണ്ട്. |
| (ബി) വിദ്യാഭ്യാസ വായ്പ എടുത്തവർക്ക് പലിശ സബ്സിഡി നൽകുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ? | (ബി) നാലര ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികൾ എടുത്തിട്ടുള്ള വിദ്യാഭ്യാസ വായ്പയുടെ പലിശ ബാധ്യത കേന്ദ്ര സർക്കാർ വഹിക്കുന്ന പലിശ സബ്സിഡി സ്കീം 2009 ൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിരുന്നു. ടി സ്കീമിൽ ഇന്ത്യൻ ബാങ്ക്സ് അസോസിയേഷന്റെ കീഴിലുള്ള ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും വിതരണം ചെയ്തിട്ടുള്ള വിദ്യാഭ്യാസ വായ്പകളെ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. കേരളത്തിൽ ഇന്ത്യൻ ബാങ്ക്സ് അസോസിയേഷനിൽ അംഗത്വം ഉള്ള ഏക ഷെഡ്യൂൾഡ് ബാങ്ക് കേരള സംസ്ഥാന സഹകരണ ബാങ്ക് മാത്രമാണ്. ആയതിനാൽ സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും വിതരണം ചെയ്ത വിദ്യാഭ്യാസ വായ്പകൾക്ക് മാത്രമേ പലിശ സബ്സിഡി ലഭിക്കുന്നുള്ളൂ. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പലിശ സബ്സിഡി സ്കീമിൽ മറ്റ് സഹകരണ ബാങ്കുകൾ ഉൾപ്പെടുന്നില്ല എന്നതിനാൽ മറ്റ് |

സഹകരണ ബാങ്കുകളിൽ നിന്നും എടുത്ത വായ്പകൾക്ക് പലിശ സബ്സിഡി ലഭിക്കുന്നില്ല.

സെക്ഷൻ ഓഫീസർ